"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് ജില്ലയിലെ മനിശ്ശേരി എ.യു.പി സ്കൂളിലെ ഫുൾടൈം ജൂനിയർ ലാംഗ്വേജ് (ഉറുദു) അദ്ധ്യാപികയായ ശ്രീമതി. ഹസ്ന കെ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.10484/2025/GEDN തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ മനിശ്ശേരി എ.യു.പി സ്കൂളിലെ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് (ഉറുദു) അദ്ധ്യാപികയായ ശ്രീമതി. ഹസ്ന.കെ. സർക്കാരിലേക്ക് സമർപ്പിച്ച 05/02/2024-ലെ റിവിഷൻ ഹർജി.
2. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/03/2024-ലെ എഇഒ ഒടിപി/194/2024-ഡി നമ്പർ കത്ത്.
3. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/02/2025-ലെ നം.കൈറ്റ്/2025/1614 (10) നമ്പർ കത്ത്.
4. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 06/03/2025-ലെ എസ്.സി.ഇ.ആർടി/186/2025-സിഎൽപി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൈറ്റ് തയ്യാറാക്കിയിട്ടുള്ള KOOL ഓൺലൈൻ പരിശീലന പോർട്ടൽ വഴി നടത്തുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് പൂർത്തിയാക്കുന്നത് അദ്ധ്യാപകർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ മാനദണ്ഡമാക്കിയിട്ടുള്ളതിനാൽ KOOL സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രൊബേഷൻ പൂർത്തീകരിച്ചത് തടസ്സപ്പെടുത്തിയ പാലക്കാട് ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്കെതിരെ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽപ്പെട്ട മനിശ്ശേരി എ.യു.പി സ്കൂളിൽ 7/2/2020 മുതൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് (ഉറുദു) പാർട്ട് ടൈം ടീച്ചർ തസ്തികയിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി. ഹസ്ന കെ. പരാമർശം (1) പ്രകാരം റിവിഷൻ അപ്പീൽ ഫയൽ ചെയ്തിരുന്നു.

2) <u>താഴെ പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലാണ് സർക്കാർ മുൻപാകെ റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.</u>

a. 27/11/2023 തീയതിയിലെ സ.ഉ.(പി)നം.308/2013/പൊ.വി.വ. പ്രകാരം അധ്യാപകരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യത നേടുന്നതിന് KER അധ്യായം XIV (A ) ചട്ടം 6 (a) യിൽ ഭേദഗതി വരുത്തിയത് ഇപ്രകാരമാണ്. "Such Teachers shall, within the period of probation, pass short term computer course having a duration of

not less than 45 hours approved by the Government If they have not already acquired such or higher qualification"

b. അധ്യാപകരുടെ പ്രൊബേഷൻ സംബന്ധിച്ച നിലവിലുള്ള Statutory ചട്ടങ്ങൾ പ്രകാരം, ഉയർന്ന കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യത നേടാത്തവർ മാത്രം, സർക്കാർ അംഗീകരിച്ച, 45 മണിക്കൂറിൽ കുറയാത്ത കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യത നേടിയാൽ മതിയാകുന്നതാണ് എന്ന കര്യം വളരെ വ്യക്തമാണ്. ഹർജിക്കാരി കമ്പ്യൂട്ടർ സയൻസിൽ ഹയർ സെക്കണ്ടറി പരീക്ഷ യോഗ്യത നേടിയിട്ടുണ്ട്. ആയതിനാൽ K.E.R ചട്ടത്തിലെ "If they have not already acquired such or higher qualification" എന്ന വ്യവസ്ഥ ഹർജിക്കാരിക്ക് ബാധകമാണ്. ആയതിനാൽ എഇഒ യുടെ തടസ്സവാദം കെ.ഇ.ആർ അധ്യായം XIV (A ) ചട്ടം 6 (a) ക്ക വിരുദ്ധമാണ്.

c. സർക്കാർ ഉത്തരവ് (സാധാ)നം.5068/18/പൊ.വി.വ തിയ്യതി 1/12/2018, പ്രകാരം, കേരള ഇൻഫ്രാ സ്ട്രക്ച്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) നടത്തുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള "KOOL" കോഴ്സ്, പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള കോഴ്സ് ആയി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചട്ടത്തിൽ പറയുന്ന ഉയർന്ന യോഗ്യതകൾ നേടിയത് പരിഗണിക്കുന്നതല്ല എന്ന്, മേൽ ഉത്തരവിൽ പറയുന്നില്ല. ആയതിനാൽ KOOL മാത്രമേ പ്രൊബേഷന് പരിഗണിക്കൂ എന്നുള്ള എഇഒ യുടെ തടസ്സവാദം നിയമപരമായി നില നിൽക്കുന്നതല്ല.

d. K.E.R. ചട്ടത്തിലെ "if they have not already acquired such or higher qualification" വ്യവസ്ഥ പ്രകാരം, ഉയർന്ന കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യത നേടാത്തവർ മാത്രം, സർക്കാർ അംഗീകരിച്ച, 45 മണിക്കൂറിൽ കുറയാത്ത കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യത നേടിയാൽ മതി എന്നതിനാലാണ്, കമ്പ്യൂട്ടർ സയൻസിൽ ഹയർ സെക്കണ്ടറി പരീക്ഷ യോഗ്യതയുള്ള ഹർജിക്കാരി, സർവീസിൽ പ്രവേശിച്ച സമയത്തു KOOL പരീക്ഷ എഴുതാതിരുന്നത്. ഓഡിറ്റ് തടസ്സവാദം വന്നതിനാൽ പിന്നീട് 9/9/23 ൽ നടന്ന KOOL പരീക്ഷ അറ്റൻഡ് ചെയ്യുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2023 വരെയുള്ള ഇൻക്രിമെന്റുകൾ കൈപ്പറ്റിയത് തിരിച്ചടക്കേണ്ടി വരുന്നത് വളരെയധികം ബുദ്ധിമുട്ടു വരുത്തുന്നതാണ്.

3) ആയതിനാൽ Statutory Rules ന് വിരുദ്ധമായ ഓഡിറ്റ് തടസ്സ വാദം നീക്കുന്നതിന് ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട്, 7/2/2021 FN-ന് ഹർജിക്കാരിയുടെ പ്രൊബേഷൻ പൂർത്തിയാക്കി, ഇൻക്രിമെന്റ് അനുവദിച്ചിരുന്നത് നിലനിർത്തി, അപ്പീൽ അനുവദിച്ച് ഉത്തരവാകണമെന്നതാണ് അപ്പീലിലെ ആവശ്യം.

4) 01/12/2018 തീയതിയിലെ സ.ഉ (സാധാ) No.5068/18/പൊ.വി.വ, 16/7/2019 തീയതിയിലെ സ.ഉ(കൈ) നം.89/2019/G.Edn എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, "KOOL" പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ മാനദണ്ഡമാക്കിയിട്ടുണ്ട്. ആയതിനാൽ KOOL സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനോ ഇൻക്രെമെന്റുകൾ നല്കുവാനോ കഴിയില്ല എന്ന കാരണത്താൽ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസരുടെ 19/4/23 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ടിയാളുടെ പ്രൊബേഷൻ പൂർത്തീകരിച്ചത്

തടസ്സപ്പെടുത്തിയിരുന്നു. ടി തടസ്സവാദത്തിനെതിരെ ഹർജിക്കാരി പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും, ടി സ്കൂളിലെ, സൂര്യ പി.പി എന്ന അദ്ധ്യാപിക സമാന വിഷയത്തിൽ സമർപ്പിച്ച അപ്പീൽ നിരസിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 5/3/2022 ലെ No A5/1856/22/DGE കത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ നിരസിച്ചിരുന്നു.

5) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സ.ഉ.(സാധാ) നം 5068/2018/പൊ.വി.വ. തിയ്യതി 01/12/2018 പ്രകാരം കൈറ്റ് തയ്യാറാക്കിയിട്ടുള്ള KOOL ഓൺലൈൻ പരിശീലന പോർട്ടൽ വഴി നടത്തുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് പൂർത്തിയാക്കുന്ന അദ്ധ്യാപകർക്ക് കൈറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള മാനദണ്ഡമായി അംഗീകരിച്ചിട്ടുണ്ട്. മാത്രമല്ല 01/12/2018 വരെ നിയമനം ലഭിച്ച അധ്യാപകരുടെ കാര്യത്തിൽ മാത്രമാണ് KOOL യോഗ്യത നേടുന്നതിന് ഇളവ് അനുവദിച്ച് സ.ഉ.(കൈ) നം.89/2019/പൊ.വി.വ. തീയതി 16/07/2019 പ്രകാരം ഉത്തരവായിട്ടുള്ളത്. ശ്രീമതി ഹസ്ന കെ. 07/02/2020 ന് ആണ് സേവനത്തിൽ പ്രവേശിക്കുന്നത്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച KOOL യോഗ്യത നേടുന്നതിന് ഉള്ള ഇളവിന് ശ്രീമതി. ഹസ്ന കെ. അർഹയല്ല. KOOL പരീക്ഷക്കു തുല്യമായി/പകരമായി ഏതെങ്കിലും കോഴ്സ്/ പരീക്ഷ പാസായാൽ മതിയാകും എന്ന തരത്തിൽ equivalency (തുല്യത) നൽകികൊണ്ട് യാതൊരു ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും KOOL ലൂടെ നടത്തുന്ന അടിസ്ഥാന ഐ.സി.ടി പരിശീലനം അദ്ധ്യാപകർ നിർബന്ധമായും പൂർത്തിയാക്കണമെന്നതിനാലും അധ്യാപകർക്ക് പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിനും, മൂല്യനിർണ്ണയ രീതികൾ, classroom interaction എന്നിവ ഫലപ്രദമാക്കുന്നതിനുമായുള്ള ഐസിടി മേഖലകളാണ് KOOL കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാലും Computational thinking, അടിസ്ഥാന പ്രോഗ്രാമിങ്, ഡാറ്റ അനാലിസിസ്, networks, web technology എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഹയർസെക്കന്ററി കമ്പ്യൂട്ടർ സയൻസ് വിഷയത്തിൽ നിന്ന് വിഭിന്നമായ സിലബസാണ് KOOL കോഴ്സിന്റേതെന്നതിനാലും K.E.R ചട്ടത്തിലെ "If they have not already acquired such or higher qualification" എന്ന വ്യവസ്ഥ ബാധകമാക്കി KOOL യോഗ്യത നേടുന്നതിൽ ഇളവനുവദിച്ച് ഓഡിറ്റ് തടസ്സ വാദം നീക്കണമെന്നാവശ്യപ്പെട്ട് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽപ്പെട്ട മനിശ്ശേരി എ.യു.പി സ്കൂളിൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് (ഉറുദു) പാർട്ട് ടൈം ടീച്ചർ തസ്തികയിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി. ഹസ്ന കെ. സമർപ്പിച്ചിരിക്കുന്ന പരാമർശം (1) റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്സ്, തിരുവനന്തപുരം.

മാനേജർ, എ.യു.പി സ്കൂൾ, മനിശ്ശേരി, ഒറ്റപ്പാലം, പാലക്കാട്.

ശ്രീമതി.ഹസ്ന.കെ, പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (ഉറുദു) അദ്ധ്യാപിക, എ.യു.പി സ്കൂൾ, മനിശ്ശേരി, ഒറ്റപ്പാലം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O.
സെക്ഷൻ ഓഫീസർ
Date: 24-12-2025 12:39:19